ആത്മവിശ്വാസത്തോടെ മലയാളം രണ്ടാംപേപ്പർ

2010
എസ്എസ്എൽസി മലയാളം പേപ്പർ-2



കെ വി മോഹനൻ
ജിജിഎച്ച്എസ്എസ്
മഞ്ചേരി

ആകെ 40 സ്കോറാണുള്ളത്. ഒന്നരമണിക്കൂർ (90 മിനിറ്റ്) സമയമാണ് ഈ പരീക്ഷയ്ക്ക് അനുവദിച്ചിട്ടുള്ളത്. അതോടൊപ്പം 15 മിനിറ്റ് സമാശ്വാസസമയമായി (കൂൾ ഓഫ് ടൈം) ലഭിക്കും. ഈ സമയത്ത് ചോദ്യങ്ങൾ ശരിയായി വായിച്ചുമനസ്സിലാക്കുകയും ഉത്തരമെഴുതേണ്ട മുൻഗണനാക്രമം നിശ്ചയിക്കുകയുംവേണം.

എല്ലാ കുട്ടികളും തികഞ്ഞ ആത്മവിശ്വാസത്തോടെ എഴുതുന്ന പരീക്ഷയാണ് മലയാളം രണ്ട്. 'പാത്തുമ്മയുടെ ആട്' എന്ന നോവലിനെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്കൊപ്പം പൊതുചോദ്യങ്ങളും ഈ പേപ്പറിന്റെ ഭാഗമായി വരാം. നിത്യജീവിതവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങൾക്കാണ് (കത്ത്, നോട്ടീസ്, പോസ്റ്റർ, നിവേദനം, അപേക്ഷാഫോറം, എഡിറ്റോറിയൽ, സർവേ ഫോറങ്ങൾ, ലഘുലേഖ...) കൂടുതൽ പ്രാധാന്യം. അതോടൊപ്പം സാഹിത്യവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങളും (കഥാപാത്രനിരൂപണം, താരതമ്യക്കുറിപ്പ്, പ്രതികരണക്കുറിപ്പ്, ഉപന്യാസം, ലഘുപ്രബന്ധം, വിശകലനക്കുറിപ്പ്...) ചോദ്യക്കാറുണ്ട്.

വലിച്ചുവാരി ഉത്തരമെഴുതുന്നതിനുപകരം മൂല്യനിർണയസൂചകങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുന്ന ശീലം വളർത്തിയെടുക്കണം. ഉത്തരമെഴുതുമ്പോൾ സമയം, സ്കോർ ഇവ പരിഗണിക്കണം. 4 സ്കോറിന് പരമാവധി 9 മിനിറ്റ്, 6 സ്കോറിന് 15 മിനിറ്റ്, 8 സ്കോറിന് 20 മിനിറ്റ് എന്നിങ്ങനെ ക്രമപ്പെടുത്തി എഴുതുന്നത് സമയബന്ധിതമായി ഉത്തരമെഴുതി പൂർത്തിയാക്കാൻ സഹായകമാകും. ഇതോടൊപ്പം മലയാളം പേപ്പർ ഒന്നിന്റെ വിശകലനം കൂടി വായിക്കുന്നത് നന്നായിരിക്കും. എല്ലാവർക്കും മികച്ച വിജയം നേടാൻ കഴിയട്ടെ എന്നാശംസിക്കുന്നു

മാതൃകാ ചോദ്യപേപ്പർ
മലയാളം II

സമയം: 11/2 മണിക്കൂർ സ്കോർ: 40

പൊതുനിർദേശങ്ങൾ
- ആകെ 8 ചോദ്യങ്ങൾ തന്നിരിക്കുന്നു
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം

1. കഥാപാത്രനിരൂപണം തയ്യാറാക്കുക (4)

● ''രണ്ടുമൈൽ ദൂരെ കുന്നിന്റെ ചരിവിലായി റോഡിനടുത്ത് എൺപതു സെന്റ് നല്ല ഭൂമി അവൻ വാങ്ങിയിട്ടുണ്ട്. അതിലിപ്പോൾ ഏത്തവാഴയും കപ്പയും മറ്റും വച്ചിരിക്കയാണ്. അവൻ വെളുപ്പിന് നാലുമണിക്ക് എണീറ്റു നടന്നുചെന്ന് വാഴയ്ക്കും മറ്റും വെളമൊഴിച്ചിട്ട് ഏഴുമണിക്ക് വീട്ടിൽ വരും.''

● ''ഞാൻ എന്റെ സ്ഥലം വിൽക്കാൻ വിചാരിക്കുന്നു. വല്യ ഇയ്ക്കാക്കയ്ക്ക് വില കുറച്ചു തരാം.''

● '' ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം! സർക്കാരിന് എന്നെ ആവശ്യമുണ്ട്.''

● ''അതൊക്കെ അന്നല്ലെ വല്യ ഇയ്ക്കാക്ക- അതൊക്കെ ഇപ്പോളാരാ ഓർക്കുന്നത്?''

ഹനീഫയെക്കുറിച്ച് ബഷീറിന്റെ അഭിപ്രായവും ഹനീഫയുടെ ചില സംഭാഷണങ്ങളുമാണ് തന്നിരിക്കുന്നത്. ഇവയും അനുയോജ്യമായ മറ്റു സൂചനകളും പ്രയോജനപ്പെടുത്തി 'ഹനീഫ' യെക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

2. ലഘുപ്രബന്ധം തയ്യാറാക്കുക (8)

● ''ആണുങ്ങൾ ഉണ്ണാൻ സമയത്തേ വരൂ. പെണ്ണുങ്ങളാണ് ദുരിതമനുഭവിക്കുന്നത്. ഇതെന്റെ വീട്ടിൽമാത്രമുള്ളതല്ല. മിക്ക എല്ലാ ഇടത്തരക്കാരുടെ വീടുകളിൽ ഇതാണനുഭവം''

● ''ബാപ്പായും മകനും പറേണത് പച്ചനൊണയാണ്. മകനെ പടിപ്പിക്കണത് ഞാൻ കേട്ടതാ- വല്യ ഇയ്ക്കാട ഡബ്ളും ഷർട്ടും അനീട പാപ്പാട പെട്ടീലൊണ്ട്.''

● ''പിറ്റേദിവസംമുതൽ പാത്തുമ്മയുടെ വക അരക്കുപ്പി പാൽ വീട്ടിൽ റെഡിയായി വന്നുതുടങ്ങി.''

● ''സ്ത്രീകളുടെ മഹനീയത 'പാത്തുമ്മയുടെ ആടി'ൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ലഘുപ്രബന്ധം തയ്യാറാക്കുക

3. പഴഞ്ചൊല്ല് വ്യാഖ്യാനിക്കുക (4)

''ഉറങ്ങുന്നവനെ ഉണർത്താം
കള്ളഉറക്കക്കാരനെ ഉണർത്താൻ മേലാ''

ഈ ചൊല്ലിന്റെ ആശയമെന്ത്? മലയാളികളുടെ ഇന്നത്തെ മാനസികാവസ്ഥയുമായി ഈ ചൊല്ലിന് എന്തെങ്കിലും ബന്ധമുണ്ടോ? നിലവിലുള്ള സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി തന്നിരിക്കുന്ന പഴഞ്ചൊല്ല് വിശകലനംചെയ്യുക.

4. എഡിറ്റ് ചെയ്യുക (2)

താഴെ തന്നിരിക്കുന്ന ഖണ്ഡിക അക്ഷരത്തെറ്റ്, വാക്യത്തെറ്റ്, ആശയപരമായ പ്രശ്നങ്ങൾ ഇവ പരിഹരിച്ച് മെച്ചപ്പെടുത്തുക. അനുയോജ്യമായ ചിഹ്നങ്ങൾ ചേർക്കുകയുംവേണം.

''വളരെ മനോഹരമായ ക്ലാസായിരുന്നു എത്ര പറഞ്ഞാലും തീരില്ല ഞങ്ങൾക്കറിയാത്ത പല വിവരങ്ങളെക്കുറിച്ചും മനസ്സിലായി ഒരു കവിത തന്നാൽ അതിന്റെ ആഖ്യാനം, ആസ്വദനം എന്നി എങ്ങനെ എഴുതാനാവും എന്നും മനസ്സിലായി എത്ര ദിനരാത്രങ്ങൾ പറഞ്ഞാലും ക്ലാസിനെക്കുറിച്ച് പറയുവാൻ സാധിക്കില്ല. അത്രയും ഭംഗിയായി''

5. എഡിറ്റോറിയൽ തയ്യാറാക്കുക (6)



തന്നിരിക്കുന്ന സൂചനകൾ, അനുയോജ്യമായ മറ്റു സൂചനകൾ ഇവ പ്രയോജനപ്പെടുത്തി 'വേനൽക്കാലം- നാം കരുതിയിരിക്കുക' എന്ന വിഷയത്തിലൂന്നി ഒരു എഡിറ്റോറിയൽ തയ്യാറാക്കുക.

6. പത്രാധിപർക്കുള്ള കത്ത് തയ്യാറാക്കുക ( )

വിദ്യാർഥികൾ നേരിടുന്ന യാത്രാദുരിതങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ട് നൽകിയ പത്രത്തിന്റെ പത്രാധിപരെ അഭിനന്ദിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക.

7. അപേക്ഷാഫോറം തയ്യാറാക്കുക (6)

സ്കൂളിൽ പുതിയതായി ആരംഭിക്കുന്ന സംഗീത ക്ലബ്ബിൽ അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ അപേക്ഷാഫോറം തയ്യാറാക്കുക.

(വ്യക്തിഗത വിവരങ്ങൾ, രക്ഷിതാക്കൾ, താൽപ്പര്യമുള്ള മേഖലകൾ ഇവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉണ്ടായിരിക്കണം)

8. | കേരളത്തിൽ 2 കോടിയിലധികം മൊബൈൽ ഉപഭോക്താക്കൾ | (6)

അടുത്തകാലത്ത് പത്രത്തിൽവന്ന വാർത്തയുടെ തലക്കെട്ടാണ് മുകളിൽ തന്നിരിക്കുന്നത്. നിങ്ങളുടെ പ്രദേശത്തും മൊബൈൽഫോൺ ഉപയോഗം വർധിച്ചിട്ടുണ്ടോ? മൊബൈലുകൾ നമ്മുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നു? ഈ വിവരങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ സർവേ ചോദ്യാവലി തയ്യാറാക്കുക.

(വ്യക്തിഗത വിവരങ്ങൾ, മൊബൈൽഫോൺ സംബന്ധിച്ച വിവരങ്ങൾ, മൊബൈൽ ഫോൺ സംബന്ധിച്ച അഭിപ്രായങ്ങൾ ഇവ ശേഖരിക്കാനാവശ്യമായ ചോദ്യങ്ങൾ ഉണ്ടാവണം)

സ്വയം വിലയിരുത്തൽ സൂചകങ്ങൾ

1. കഥാപാത്ര നിരൂപണം

- തന്നിരിക്കുന്ന സൂചനകളിൽനിന്ന് ഹനീഫയുടെ സ്വഭാവം കണ്ടെത്തി എഴുതിയിട്ടുണ്ട്.
- ഹനീഫയുടെ സ്വഭാവവുമായി ബന്ധപ്പെട്ട് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞു.
- ഹനീഫയന്ന കഥാപാത്രത്തെക്കുറിച്ച് വ്യക്തമായ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞു.
- മറ്റുള്ളവർക്കു മനസ്സിലാവുന്ന ഭാഷയിൽ എഴുതാൻ കഴിഞ്ഞു.

ഏതെല്ലാം അംശങ്ങളാണ് കുറഞ്ഞുപോയത്. ഈ ചോദ്യത്തിന് ഉത്തരമെഴുതുമ്പോൾ തന്നിരിക്കുന്ന സന്ദർഭങ്ങൾ വിശകലനംചെയ്ത് കഥാപാത്രത്തിന്റെ സ്വഭാവത്തെക്കുറിച്ച് വ്യക്തമായി പറയണം. ഉദാ: രണ്ടുമൈൽ ദൂരെ... വീട്ടിൽവരും.'' ഈ സൂചനയിൽനിന്ന് നമുക്ക് ഹനീഫ നല്ല ഒരു കൃഷിക്കാരനാണെന്നു മനസ്സിലാക്കാം. ഇതുപോലെ ''ഞാൻ പട്ടാളത്തിൽ പൊയ്ക്കൊള്ളാം!'' എന്ന സംഭാഷണശകലത്തിൽ നമുക്കു വ്യക്തമാകുന്ന സ്വഭാവസവിശേഷതയെന്താണ്? ഇങ്ങനെ കഥാപാത്രം ഇടപെടുന്ന സന്ദർഭങ്ങൾ, സംഭവങ്ങൾ, കഥാപാത്രത്തിന്റെ സംഭാഷണം, കഥാപാത്രത്തെക്കുറിച്ച് മറ്റു കഥാപാത്രങ്ങളുടെ അഭിപ്രായങ്ങൾ ഇവയൊക്കെ ഉദാഹരണമാക്കി കഥാപാത്രത്തെക്കുറിച്ച് കൂടുതൽ വ്യക്തമായി എഴുതാൻ കഴിയണം.

2. ലഘുപ്രബന്ധം

- പ്രബന്ധത്തിന് ആകർഷകമായ/പ്രബന്ധത്തിന്റെ ആശയത്തിനോടു യോജിക്കുന്ന തലക്കെട്ട് നൽകാൻ കഴിഞ്ഞുവോ?
- ചോദ്യത്തിൽ തന്നിരിക്കുന്ന സൂചനകൾ വിശകലനംചെയ്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?
- വിഷയവുമായി ബന്ധപ്പെടുത്തി കൂടുതൽ സൂചനകൾ/ഉദാഹരണങ്ങൾ നോവലിൽനിന്നു കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ?
- ആശയങ്ങൾ ക്രമീകരിച്ച് എഴുതാൻ കഴിഞ്ഞോ?
- സ്വന്തം അഭിപ്രായം തെളിവുകളോടെ സമർഥിക്കാൻ കഴിഞ്ഞോ?
- മറ്റുള്ളവർക്ക് മനസ്സിലാവുന്ന ഭാഷയിൽ എഴുതാൻ കഴിഞ്ഞോ?
- പ്രബന്ധത്തിന്റെ ഘടന (ആമുഖം, ക്രമമായ വിഷയാവതരണം, ഉപസംഹാരം...) പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഇനിയും മെച്ചപ്പെടേണ്ട കാര്യങ്ങളുണ്ടോ?

3. പഴഞ്ചൊൽ വ്യാഖ്യാനം

- തന്നിരിക്കുന്ന ചൊല്ലിന്റെ ആശയം എഴുതാൻ കഴിഞ്ഞു.
- കേരളം നേരിടുന്ന ചില പ്രധാന പ്രശ്നങ്ങൾ/അവസ്ഥകൾ കണ്ടെത്താൻ കഴിഞ്ഞു. (പരിസരമലിനീകരണം, കാർഷികരംഗത്തെ പ്രശ്നങ്ങൾ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം....)
- പഴഞ്ചൊല്ലിന്റെ ആശയവും സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.
- അതുമായി ബന്ധപ്പെട്ട് സ്വന്തംഅഭിപ്രായം നല്ല ഭാഷയിൽ എഴുതാൻ കഴിഞ്ഞിട്ടുണ്ട്.

നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?

പഴഞ്ചൊൽ വ്യാഖ്യാനം- വിവിധ സാധ്യതകൾ

- പഴഞ്ചൊല്ല്/കവിതാശകലം നൽകി അനുയോജ്യമായ കഥാപാത്രത്തെ കണ്ടെത്താൻ നിർദേശിക്കാം.
- നോവൽ സന്ദർഭം/കഥാപാത്രത്തിന്റെ സ്വഭാവം ഇവ നൽകി അനുയോജന്യമായ പഴഞ്ചൊല്ല് കണ്ടെത്താൻ നിർദേശിക്കാം.

4. എഡിറ്റിങ് (ഭാഷാപരമായും ആശയപരമായും മെച്ചപ്പെടുത്തൽ)

- തന്നിരിക്കുന്ന വാക്യങ്ങളിലെ പ്രശ്നങ്ങൾ (ഭാഷാപരം, ആശയപരം, ചിഹ്നങ്ങളുമായി ബന്ധപ്പെട്ടവ....) കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
- വാക്യഘടന, ആശയം ഇവ കൂടുതൽ ചിട്ടപ്പെടുത്തിയെഴുതാൻ കഴിഞ്ഞു.
- അനുയോജ്യമായ ചിഹ്നങ്ങൾ ചേർക്കാൻ കഴിഞ്ഞു.

വാക്യങ്ങൾ മെച്ചപ്പെടുത്തുമ്പോൾ എന്തെങ്കിലും പ്രയാസം നേരിട്ടുവോ?

5. എഡിറ്റോറിയൽ

- വിഷയവുമായി ബന്ധപ്പെട്ട് ആകർഷകമായ തലക്കെട്ടു നൽകാൻ കഴിഞ്ഞു.
- ചോദ്യത്തിൽ നൽകിയ സൂചനകൾ വികസിപ്പിക്കാൻ കഴിഞ്ഞു.
- കൂടുതൽ സൂചനകൾ, ഉദാഹരണങ്ങൾ ഇവ കണ്ടെത്താൻ കഴിഞ്ഞു.
- വേനൽക്കാലത്ത് കരുതിയിരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- പൗരന്മാരുടെ ചുമതലകളെക്കുറിച്ച് ഓർമിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- സർക്കാരിന്റെ/പ്രാദേശിക ഗവൺമെന്റുകളുടെ ചുമതലകളെക്കുറിച്ച് ഓർമിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- എഡിറ്റോറിയലിന് ആമുഖം, ക്രമമായ വിഷയാവതരണം, ഉപസംഹാരം ഇവ ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.
- സ്വന്തം അഭിപ്രായം ശക്തമായി പറയുന്ന ഉപസംഹാരം എഴുതാൻ കഴിഞ്ഞു.
- നല്ല ഭാഷയിൽ എഴുതാൻ കഴിഞ്ഞിട്ടുണ്ട്.

ഇനിയും മെച്ചപ്പെടേണ്ട കാര്യങ്ങൾ എന്തൊക്കൊ? ചർച്ച ചെയ്യൂ.

ശ്രദ്ധിക്കേണ്ടത്

പത്രങ്ങൾ, മാസികകൾ, വാരികകൾ, കയ്യെഴുത്തു മാസികകൾ, ആഘോഷങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക പതിപ്പുകൾ എന്നിവയിലാണ് എഡിറ്റോറിയലുകൾ വരാറുള്ളത്. സമൂഹത്തെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ചും ആഘോഷങ്ങളുടെ പ്രസക്തിയെക്കുറിച്ചുമൊക്കെ പ്രസിദ്ധീകരണങ്ങളുടെ നിലപാടുകൾ വ്യക്തമാക്കുന്ന തരത്തിലാണ് എഡിറ്റോറിയൽ തയ്യാറാക്കുന്നത്.

ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ

1. സംഭവങ്ങളുമായി ബന്ധപ്പെട്ട എഡിറ്റോറിയൽ
- പ്രശ്നം/സംഭവം വ്യക്തമാക്കുന്ന തലക്കെട്ട്
-പ്രശ്നം/സംഭവത്തിന്റെ വിശകലനം
-സംഭവത്തിന്റെ പ്രാധാന്യം (സ്ഥലം, തീയതി, സമയം...)
- സംഭവത്തെത്തുടർന്ന് ഇപ്പോഴത്തെ അവസ്ഥ
- മാറ്റത്തിന്റെ കാരണങ്ങൾ
- പരിഹാരനിർദേശങ്ങൾ
- ആഹ്വാനം/അഭിപ്രായം പ്രകടിപ്പിക്കുന്ന ഉപസംഹാരം

2. വിശേഷപ്പതിപ്പുകളുമായി ബന്ധപ്പെട്ട്

-തലക്കെട്ട്
-ആഘോഷത്തിന്റെ പ്രാധാന്യം
-ആഘോഷത്തിന്റെ യുക്തി
-ആഘോഷങ്ങൾ മുമ്പും ഇപ്പോഴും
-ആഘോഷങ്ങളുടെ ഭാഗമായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ
-സഹായസഹകരണങ്ങൾ, നിർദേശങ്ങൾ ഇവ ഉൾക്കൊള്ളുന്ന ഉപസംഹാരം.

6. പത്രാധിപർക്കുള്ള കത്ത്

- കത്തിലെ പ്രധാന ആശയം സൂചിപ്പിക്കുംവിധം തലക്കെട്ടു നൽകി.
- പത്രത്തിൽവന്ന വാർത്തയെക്കുറിച്ച് സൂചന നൽകിയിട്ടുണ്ട്.
- വാർത്തയെക്കുറിച്ചുള്ള അഭിപ്രായം എഴുതിയിട്ടുണ്ട്.
- അഭിനന്ദനം/വിമർശനം രേഖപ്പെടുത്തിയിട്ടുണ്ട്.
- പേര്, സ്ഥലം ഇവ രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രദ്ധിക്കേണ്ടത്

പത്രങ്ങളിൽവന്ന വാർത്തകൾ, ചിത്രങ്ങൾ, ഫീച്ചറുകൾ... എന്നിവയോടുള്ള വായനക്കാരുടെ പ്രതികരണങ്ങളാണ് പത്രാധിപർക്കുള്ള കത്തിൽ ഉൾക്കൊള്ളുന്നത്. സമൂഹത്തിന്റെ ശ്രദ്ധപതിയേണ്ട പൊതുപ്രശ്നങ്ങളും ഇത്തരത്തിൽ പ്രസിദ്ധീകരിക്കാറുണ്ട്. പത്രാധിപരെ സംബോധനചെയ്യുന്നതരത്തിലും അല്ലായെയും ഇത് തയ്യാറാക്കാറുണ്ട്. ഇംഗ്ലീഷ് പത്രങ്ങളിലാണ് സംബോധനംചെയ്യുന്ന രീതി കാണുന്നത്. പത്രങ്ങൾ പരിശോധിച്ച് കത്തുകൾ പരിശോധിക്കുന്നതും നന്നായിരിക്കും.

7. അപേക്ഷാഫോറം തയ്യാറാക്കൽ

- സ്കൂളിന്റെ പേര്, ക്ലബ്ബിന്റെ പേര് ഇവ ഉൾക്കൊള്ളുന്ന തലക്കെട്ട് നൽകിയിട്ടുണ്ട്.
- വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൂചനകൾ ഉൾപ്പെടുത്തിയിട്ടുണ്ട് (പേര്, ക്ലാസ്, താൽപ്പര്യമുള്ള മേഖല, ഫോൺ...)
- രക്ഷിതാവിനെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൂചനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (പേര്, വിലാസം, ജോലി, ഫോൺ...)
- ക്ലബ്, സ്കൂൾ ഇവയുടെ നിയമങ്ങൾ അനുസരിക്കുമെന്നുള്ള സത്യപ്രസ്താവന നൽകിയിട്ടുണ്ട്.
- പേര്, ഒപ്പ് ഇവ രേഖപ്പെടുത്താനുള്ള സൂചനകൾ നൽകിയിട്ടുണ്ട്.

ഏതെല്ലാം കാര്യങ്ങളാണ് ഇനിയും മെച്ചപ്പെടുത്താനുള്ളത് ?

8. സർവേ ഫോറം

- ആകർഷകമായ തലക്കെട്ട് നൽകിയിട്ടുണ്ട്.
- വ്യക്തി/കുടുംബ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൂചനകൾ നൽകിയിട്ടുണ്ട്. (പേര്, കുടുംബത്തിലെ അംഗങ്ങൾ, വയസ്സ്, ജോലി, വരുമാനം, വിദ്യാഭ്യാസം....)
- ഉപയോഗിക്കുന്ന മൊബൈൽ സംവിധാനത്തെക്കുറിച്ച് കൂടുതൽ അറിയാനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഏതു കമ്പനിയുടെ സിം, ഒന്നിലധികം കണക്ഷനുണ്ടോ? ഓരോ മാസവും ചെലവഴിക്കുന്ന തുക, മൊബൈലിലുള്ള സംവിധാനങ്ങൾ- ബ്ലൂടൂത്ത്, ക്യാമറ....)
- മൊബൈൽ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെക്കുറിച്ചും പ്രയാസങ്ങളെക്കുറിച്ചും അഭിപ്രായം രേഖപ്പെടുത്താൻ അനുയോജ്യമായ ചോദ്യങ്ങൾ നൽകിയിട്ടുണ്ട്.
- മൊബൈൽ ടവറുകളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താൻ അവസരമുണ്ട്.
- പേര്, ഒപ്പ് ഇവ രേഖപ്പെടുത്താൻ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

മറ്റു പ്രധാന വ്യവഹാരരൂപങ്ങൾ

1. അനുസ്മരണക്കുറിപ്പ്

നോവലിലെ കഥാപാത്രങ്ങൾ, പൊതുരംഗത്തെ പ്രഗത്ഭ വ്യക്തികൾ തുടങ്ങിയവർ നൽകിയ സംഭാവനകൾ, ഇടപെട്ട പ്രധാന സംഭവങ്ങൾ.. പത്രവാർത്തകൾ, സൂചനകൾ എന്നിവ നൽകി അവരെക്കുറിച്ചുള്ള അനുസ്മരണക്കുറിപ്പ് തയ്യാറാക്കാൻ നിർദേശിച്ചേക്കാം.

ഉദാ: ബഷീർ, പാത്തുമ്മ, ഭരത് മുരളി, ലോഹിതദാസ്...

മൂല്യനിർണയ സൂചകങ്ങൾ

- വ്യക്തിയെക്കുറിച്ചു നൽകിയിട്ടുള്ള വിശദാംശങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- അവ വിശകലനംചെയ്ത് മഹദ് വ്യക്തികളുടെ പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കിയ ചലനങ്ങളെക്കുറിച്ച് കണ്ടെത്തിയിട്ടുണ്ട്.
- സ്വന്തം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.
- ഉപസംഹാരം/ഭാഷ.

2. പത്രവാർത്ത

സംഭവങ്ങൾ, ചടങ്ങുകൾ തുടങ്ങിയവ വാർത്താരൂപത്തിൽ അവതരിപ്പിക്കുകയാണിവിടെ ചെയ്യേണ്ടത്. നടന്ന കാര്യങ്ങൾ വായനക്കാരന് വ്യക്തമായി മനസ്സിലാവണം. വാർത്തയുടെ ഘടന, അവതരണരീതി, ഭാഷ ഇവ പരിഗണിക്കണം. പത്രവാർത്ത തയ്യാറാക്കുമ്പോൾ പ്രധാനമായും കുട്ടികൾ പ്രയാസം നേരിടുന്നത് അതിന്റെ ഭാഷ, ഘടന തുടങ്ങിയ കാര്യങ്ങളിലാണ്. വിവിധ പത്രങ്ങളിൽ വരുന്ന വാർത്തകൾ വായിച്ച് അവയുടെ ഭാഷ/ശൈലി മുതലായവ വിശകലനംചെയ്യണം. സ്വന്തമായി ചില വാർത്തകൾ നിർമിച്ച് അത് പത്രവാർത്തയുടെ സവിശേഷതകളുമായി ഒത്തുനോക്കണം. മറ്റുള്ളവരുടെ സഹായത്തോടെ മെച്ചപ്പെടുത്തണം.

നോവലിലെ പ്രധാന സംഭവങ്ങൾ, സന്ദർഭങ്ങൾ മുതലായവ നൽകി കൗതുകവാർത്ത നിർമിക്കാൻ നിർദേശിച്ചേക്കാം. ഇവിടെയും ഭാഷ, ഘടന ഇവ പ്രത്യേകം ശ്രദ്ധിക്കണം.

മൂല്യനിർണയ സൂചകങ്ങൾ

- വാർത്തയുമായി ബന്ധപ്പെട്ട സംഭവം, ചടങ്ങ് ഇവയെക്കുറിച്ച് വ്യക്തമായ ധാരണ നേടിയിട്ടുണ്ട്.
- പത്രവാർത്തയുടെ ഘടന, ഭാഷ ഇവ പ്രയോഗിച്ചിട്ടുണ്ട്.

3. പ്രതികരണക്കുറിപ്പ്

നോവലിലെ കഥാപാത്രങ്ങളുടെ പ്രവൃത്തികൾ, സംഭാഷണങ്ങൾ, സാമൂഹികപ്രശ്നങ്ങളെക്കുറിച്ചുള്ള വാർത്തകൾ/കവിതാശകലങ്ങൾ, പ്രസ്താവനകൾ എന്നിവ നൽകി പ്രതികരണക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടാം.

ഉദാ: ''അധ്വാനത്തിന്റെ മാഹാത്മ്യം നമ്മോടു വിളിച്ചുപറയുന്ന കഥാപാത്രമാണ് 'പാത്തുമ്മയുടെ ആടി'ലെ അബ്ദുൾഖാദർ''. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? അനുയോജ്യമായ തെളിവുകളോടെ സമർഥിക്കുക?

(അടുത്ത ലക്കം തുടരും)

>> സംവാദം <<

യുഎസ്ഒ

? യുഎഫ്ഒകളെക്കുറിച്ചു കേട്ടിട്ടുണ്ട്. എന്നാൽ യുഎസ്ഒകൾ എന്താണ്?

-സി വി കൃഷ്ണൻ, വെള്ളാനിക്കര, തൃശൂർ

സമുദ്രാന്തർഭാഗത്തുകാണുന്ന ലോഹനിർമിതമോ ധാതുവോ രാസവസ്തുക്കളോ ഇതൊന്നും അല്ലാത്തതോ ആയ അജ്ഞാതവസ്തുക്കളെയാണ് അൺഐഡന്റിഫൈഡ് സർട്ടിഫൈഡ് ഒബ്ജക്ട്സ് (യുഎസ്ഒ) എന്നു പറയുന്നത്. യുദ്ധത്തിൽ തകർന്നുവീണ വിമാനങ്ങളുടെയോ ഉൽക്കാപതനങ്ങളുടെയോ അവശിഷ്ടങ്ങൾ മഞ്ഞുപാളികളിൽ പുതഞ്ഞുണ്ടാകുന്നതുമുതൽ കടലിനടിത്തട്ടിലെ രാസവസ്തുക്കളുടെ പ്രവർത്തനഫലമായുണ്ടാകുന്ന പാറക്ഷണങ്ങൾവരെ യുഎസ്ഒകളായി അറിയപ്പെടുന്നു.

ഐഎസ്ബിഎൻ

? പുസ്തകങ്ങളുടെ പുറംചട്ടയിൽ കാണുന്ന ഐഎസ്ബിഎൻ എന്താണ്?

-കെ വിപിൻദാസ്, പാലക്കാട്

മറ്റുൽപ്പന്നങ്ങൾക്ക് ബാർകോഡ് പോലെ പുസ്തകങ്ങൾ തിരിച്ചറിയാനുള്ള അന്താരാഷ്ട്ര കോഡാണ് ഐഎസ്ബിഎൻ നമ്പർ. ദി ഇന്റർനാഷണൽ സ്റ്റാൻഡേഡ് ബുക്ക് നമ്പർ എന്നാണ് മുഴുവൻ പേര്. പത്തക്ക നമ്പർ നാലു ഭാഗങ്ങളിയി തിരിച്ചിരിക്കുന്നു. ആദ്യ ഭാഗം രാജ്യത്തിന്റെ കോഡ്. അടുത്തത് പ്രസാകന്റെ കോഡ്. മൂന്നാം ഭാഗം പുസ്തകത്തിന്റെ പേരിന്റെ കോഡ്. അവസാനഭാഗം ഐഎസ്ബിഎൻ നൽകുന്ന തിരിച്ചറിയൽ കോഡ്. ഐഎസ്ബിഎൻ ഏജൻസികളാണ് പ്രസാധകർക്ക് നമ്പർ നൽകുന്നത്.

ജനസംഖ്യാദിനം...

ലോക ജനസംഖ്യാദിനമായി ജൂലൈ 11 തെരഞ്ഞെടുത്തതെന്താണ്? ഇന്ത്യയിലെ ജനസംഖ്യ എത്രയാണ്?

-അറത്തിൽ മണി, ചാലപ്പുറം, കോഴിക്കോട്
-പോത്തേര ബാലകൃഷ്ണൻ, മാത്തിൽ-670 343

ലോക ജനസംഖ്യ 500 കോടി തികഞ്ഞ ജൂലൈ 11 ലോക ജനസംഖ്യാദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള യുഎൻഡിപി ആഹ്വാനംചെയ്തു. 1987 ജൂലൈ 11നാണ് 500 കോടി തികഞ്ഞത്. 1989 ലാണ് ഈ ദിനാചരണം ആരംഭിച്ചത്.

ഇന്ത്യയിൽ ഏറ്റവും ഒടുവിൽ നടന്ന സെൻസസ് പ്രകാരം 102,87,37,436 ആണ് ജനസംഖ്യ. ഇപ്പോൾ 117 കോടിവരെ എത്തിയേക്കാമെന്ന് അനൗദ്യോഗിക കണക്കുകൾ പറയുന്നു.

ദേശാഭിമാനി കിളിവാതിലിലെ സംവാദം പംക്തിയിൽ പ്രസിദ്ധീകരിക്കുന്ന ചോദ്യങ്ങളിൽനിന്ന് ഓരോ ആഴ്ചയും തെരഞ്ഞെടുക്കുന്ന ഒരു വ്യത്യസ്തമായ ചോദ്യത്തിന് (ഓരോ ആഴ്ചയിലും ഒരാൾക്കു വീതം) ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു.

എല്ലാ ദേശാഭിമാനി ബുക്ക്ഹൗസുകളിലും പുസ്തകം ലഭിക്കും

ചിന്ത പബ്ലിഷേഴ്സ്
ദേശാഭിമാനി റോഡ്, PB No: 172, തിരുവനന്തപുരം 1
ഫോൺ : 0471 2330426, 2330522 Fax: 2330522
E-mail: chinthapublishers@gmail.com

പഞ്ചായത്ത്

? പഞ്ചായത്ത് എന്ന വാക്കിന്റെ ഉത്ഭവം എവിടെനിന്നാണ്?

-കെ ടി അമൽരാജ്, കയ്യൂർ, കാസർകോട്

അഞ്ചുപേരുടെ സഭ എന്നർഥമുള്ള പഞ്ചായത്ത് എന്ന സംസ്കൃതവാക്കാണ് പിന്നീട് പഞ്ചായത്ത് എന്ന പേരിൽ പ്രചരിച്ചത്. ആദ്യകാലങ്ങളിൽ തർക്കങ്ങൾക്കു പരിഹാരം കണ്ടിരുന്ന നാട്ടുപഞ്ചായത്തുകളിലൂടെ ഈ പേരു പ്രചരിച്ചു.

ടൈറ്റാനിക്

? ടൈറ്റാനിക് സിനിമയിൽ ജാക്കിനെ അവതരിപ്പിച്ച നടന്റെ പേരെന്താണ്?

-ശ്രീജിൽ, ഗോപിക, മയ്യിൽ

അമേരിക്കൻ നടൻ ലിയോണാഡോ വിൽഹെം ഡികാപ്രിയോ ആണ് ജാക്ക് ആയി അഭിനയിച്ചത്.

ചോദ്യങ്ങൾ

ചോദ്യങ്ങൾ ഏതുമാകട്ടെ. പോസ്റ്റ് കാർഡിൽ അയക്കാൻ ശ്രദ്ധിക്കുമല്ലോ. തെരഞ്ഞെടുത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കിളിവാതിലിൽ സംവാദത്തിൽ ഉൾപ്പെടുത്തും. വിലാസം: പത്രാധിപർ, സംവാദം, കിളിവാതിൽ, ദേശാഭിമാനി, കൊച്ചി -682 017. ഇ-മെയിൽ infokilivathil@gmail.com